സെക്രട്ടേറിയറ്റിലെ എംപ്ലോയ്മെന്റ് സെല്ലിലേക്ക് യഥാസമയം പട്ടിക ജാതി-പട്ടികവർഗ്ഗ ഒഴിവുകളുടെ റിപ്പോർട്ട് ലഭിക്കാറുണ്ടോ; ഉണ്ടെങ്കിൽ പട്ടിക ജാതി-പട്ടികവർഗ്ഗ ഒഴിവുകൾ സംബന്ധിച്ച റിപ്പോർട്ടുകളുടെ സത്യാവസ്ഥ പരിശോധിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

കേരളാ സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് റൂൾസ് 1958 റൂൾ 14 അനുസരിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് നീക്കിവച്ചിട്ടുള്ള 10% (പട്ടികജാതി/പട്ടികവർഗ്ഗക്കാർക്ക് 8%, പട്ടികവർഗ്ഗക്കാർക്ക് മാത്രമായി 2%) സംവരണം കൃത്യമായി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്തുന്നതിനായി എല്ലാ വർഷവും ജനുവരി ഒന്നാംതീയതിവച്ച് എല്ലാ സർക്കാർ വകുപ്പുകളിലേയും പട്ടികജാതി/പട്ടികവർഗ്ഗ പ്രാതിനിധ്യ വാർഷികാവലോകനം ഈ വകുപ്പിൽ നടത്തിവരുന്നു. ഇത് സംബന്ധിച്ച വർഷികാവലോകന റിപ്പോർട്ട് ബന്ധപ്പെട്ട വകുപ്പദ്ധ്യക്ഷന്മാർ അയച്ചുതരാറുണ്ട്. ഇങ്ങനെ അവലോകനം നടത്തുമ്പോൾ ഏതെങ്കിലും വകുപ്പിൽ മതിയായ പ്രാതിനിധ്യമില്ലെന്നു കണ്ടാൽ ആവശ്യമായ തസ്തികകൾ സംവരണം ചെയ്തു സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴി നിയമനം നടത്തി പ്രാതിനിധ്യം ഉറപ്പാക്കിവരുന്നു. കൂടാതെ എല്ലാ വർഷവും വാർഷികാവലോകന കമ്മിറ്റി യോഗംകൂടി സ്പെഷ്യൽ റിക്രൂട്ട്മെന്റ് നിയമന നടപടികൾ അവലോകനം ചെയ്തുവരുന്നു. അതോടൊപ്പം സ്പെഷ്യൽ റിക്രൂട്ട്മെന്റ് വഴിയുള്ള നിയമന പുരോഗതിയുടെ പ്രതിമാസാവലോകനവും ഈ വകുപ്പിൽ നടത്തിവരുന്നുണ്ട്. പട്ടികജാതി/വർഗ്ഗക്കാരുടെ ഒഴിവുകളുടെ റിപ്പോർട്ട് ഈ വകുപ്പിൽ ലഭിക്കാറില്ല.

പ്ലാനിംഗ് ബോർഡ് ശില്പശാലകൾ

107(1594) ശ്രീമതി ആർ. ലതാദേവി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാന പ്ലാനിംഗ് ബോർഡ് സംസ്ഥാന തലത്തിലുള്ള എത്ര ശില്പശാലകൾ ഏതെല്ലാം സ്ഥലങ്ങളിൽ 1999-2000 സാമ്പത്തിക വർഷത്തിൽ നടത്തിയെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര ശില്പശാലകൾ ശേഷിക്കുന്ന സാമ്പത്തിക വർഷത്തിൽ നടത്തിത്തീർക്കാനുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ ശില്പശാലകൾ ഓരോന്നിന്റെയും നടത്തിപ്പിനായി ചെലവഴിച്ച തുക എത്രയെന്ന് അറിയിക്കുമോ?

ഉത്തരം

(എ) 47 സംസ്ഥാനതല ശില്പശാലകൾ/കൺവെൻഷനുകൾ 2000 ഫെബ്രുവരിവരെ വിവിധ സ്ഥലങ്ങളിലായി സംഘടിപ്പിച്ചിട്ടുണ്ട്. വിശദവിവരം അനുബന്ധം (എ)യിൽ നൽകിയിട്ടുണ്ട്. †

(ബി) 2000 മാർച്ച് മാസത്തിൽ നാല് സംസ്ഥാനതല ശില്പശാലകൾ കൂടി സംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ട്. മുൻ മാസങ്ങളിലേക്ക് നിശ്ചയിച്ചിരുന്നതും ചില സാങ്കേതിക കാരണങ്ങളാൽ മാറ്റിവച്ചതുമായ പരിപാടികളാണ് ഇവ.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) ശില്പശാലകളുടെ നടത്തിപ്പിന് ചെലവഴിച്ച തുകയുടെ താല്ക്കാലിക കണക്ക് അനുബന്ധം† (ബി) യിൽ നൽകിയിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ട്മെന്റ് മുഖേന പ്രചരണസാഹിത്യങ്ങൾ

108(1595) ശ്രീ. എം. മുരളി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പബ്ലിക് റിലേഷൻസ് വകുപ്പ് മുഖേന എത്ര പ്രചരണസാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇവ ഓരോന്നും എത്ര പേജുവീതമുണ്ട്;

(ബി) ഇവയുടെ എത്ര കോപ്പികൾ വീതം അച്ചടിച്ചു. ഇവയ്ക്കു വേണ്ടി എന്തു ചെലവ് വന്നിട്ടുണ്ട്;

(സി) ജനകീയാസൂത്രണത്തിന്റെ പേരിൽ ഇതുവരെ എത്ര പ്രചരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്; ഇതിനോരോന്നിനും എത്ര പേജുവീത മുണ്ട്; ഇവയുടെ എത്രകോപ്പികൾ വീതം അച്ചടിച്ചുവെന്നും ഇതിനുവേണ്ടി എന്തു തുക ചെലവഴിച്ചുഎന്നും അറിയിക്കുമോ?

ഉത്തരം

(എ)&(ബി) പബ്ലിക് റിലേഷൻസ് വകുപ്പിന്റെ പ്രതിമാസ പ്രസിദ്ധീകരണങ്ങളായ ജനപഥവും കേരളാ കാളിംഗിനും പുറമേ 201 പ്രചരണ സാഹിത്യങ്ങൾ പുറപ്പെടുവിച്ചു. വിശദവിവരം അനുബന്ധമായി (അനുബന്ധം 1) ചേർത്തിരിക്കുന്നു. †

(സി) ഏഴ് എണ്ണം പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിട്ടുണ്ട്. (വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു) അനുബന്ധം -2. †

പത്തനംതിട്ട ജില്ലയിൽ യുദ്ധസ്മാരകം

109(1596) ശ്രീ. അടൂർ പ്രകാശ് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിൽ യുദ്ധസ്മാരകം പണിയാനായി പത്തനംതിട്ട ജില്ലാ സ്റ്റേഡിയത്തിന് സമീപം സ്ഥലം ലഭ്യമാക്കിയിട്ട് എത്ര നാളുകളായി;

(ബി) ഇവിടെ യുദ്ധസ്മാരകം പണിയാൻ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഈ സ്ഥലത്ത് യുദ്ധസ്മാരകം പണിയുന്നതിനും വിമുക്തഭടന്മാരുടെ ചിരകാലാഭിലാഷം പൂർത്തീകരിക്കുന്നതിനും ആവശ്യമായ നടപടി കൈക്കൊള്ളാൻ ജില്ലാ അധികാരികൾക്ക് നിർദ്ദേശം നല്കുമോ?

ഉത്തരം

(എ) ആറ് മാസത്തോളമായി.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly